**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4926** **04-07-2024 - ൽ മറുപടിയ്ക്ക്**

**എരുമേലി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി കൊരട്ടി- ഓരുങ്കൽതടം-കരിമ്പിൻതോട് റോഡിനെ എരുമേലി ബൈപ്പാസ് റോഡ് ആയി പ്രഖ്യാപിച്ച് ദീർഘദൂര യാത്രക്കാരുടെ വാഹനങ്ങൾ പ്രസ്തുത റോഡ് വഴി തിരിച്ചു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | നിരത്ത് സെക്ഷൻ എരുമേലി കാര്യാലയത്തിന്റെ കീഴിലുള്ള 6.600 കി.മീ. നീളമുള്ള പ്രധാന ജില്ലാ പാതയായ കൊരട്ടി ഓരുങ്കൽ കരിമ്പിൻതോട് റോഡ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി NABARD – TRANCHE XXVII 2021-22 Improvements to Koratty – Orungal – Karimpinthodu Road : Ch.0/000 to 6/600Km എന്ന പ്രവൃത്തി 28/10/2023 ൽ ബി.എം. & ബി.സി. നിലവാരത്തിൽ ടാറിങ് പൂർത്തീകരിച്ചിട്ടുള്ളതാണ്. കാഞ്ഞിരപ്പള്ളി - എരുമേലി റോഡിൽ കുറുവാമൂഴിയിൽ നിന്നും ആരംഭിച്ച് കെ.എസ്.ആർ.ടി.സി. ബസ്റ്റാന്റിന് സമീപം വലിയമ്പലത്തിന് പിന്നിലൂടെ കടന്ന് എരുമേലി - മുക്കട റോഡിലെ കരിമ്പിൻതോട്ടിൽ എത്തിച്ചേരുന്ന ഈ റോഡ് കാഞ്ഞിരപ്പള്ളി ഭാഗത്തു നിന്നും റാന്നി, പത്തനംതിട്ട, തിരുവനന്തപുരം തുടങ്ങിയ പ്രദേശത്തേക്കുമുള്ള ദീർഘദൂര യാത്രികർക്ക് എരുമേലി ടൗൺ ഒഴിവാക്കി സഞ്ചരിക്കുന്നതിന് ഏറ്റവും അനുയോജ്യമാണ്. ശബരിമല തീർത്ഥാടന കാലത്തും മറ്റും എരുമേലി ടൗണിൽ അഭൂതപൂർവ്വമായ ജനതിരക്കാണ് അനുഭവപ്പെടുക. എരുമേലി കൊച്ചമ്പലം മുതൽ വലിയമ്പലം വരെയുള്ള ടൗൺ ഭാഗം പേട്ടകെട്ട് പാതയാണെന്നുള്ളതും, കൊച്ചമ്പലത്തിൽ നിന്നും അയ്യപ്പഭക്തർ വാവര് പള്ളിയിലേക്ക് പ്രവേശിക്കുന്നത് പ്രധാന മൂന്ന് റോഡുകൾ സന്ധിക്കുന്ന സെൻട്രൽ ജംഗ്ഷനിൽ റോഡ് മുറിച്ചു കടന്ന് ആണെന്നുള്ളതും കാലങ്ങളായി വലിയ ഗതാഗതസ്തംഭനത്തിന് ഇടയാക്കുന്നുണ്ട്, ശബരിമല തീർത്ഥാടനകാലത്ത് എരുമേലി ടൗണിലെ വാഹന ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് ഏറെ സഹായകരമാകുന്ന ഈ റോഡ് എരുമേലി ബൈപ്പാസ് ആയി പ്രഖ്യാപിച്ച് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ